കേരള ഹരിജനക്ഷേമവികസന കോർപ്പറേഷൻ

* 822 [889] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹരിജനക്ഷേമവികസന കോർപ്പറേഷന് കേന്ദ്രസഹായം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിൽ;

(സി) പെരുകിട ജോലികൾക്കായി വിദേശത്തേക്ക് പോകുന്ന ഹരിജനങ്ങൾക്ക് പരിശീലനം നൽകാൻ കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുവാൻ കേന്ദ്രസഹായത്തിന് അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) കോർപ്പറേഷന്റെ ഓഹരി മൂലധനത്തിന്റെ 49% സംസ്ഥാന ഗവൺമെന്റിന് ധനസഹായമായി നൽകുക.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ടെറിട്ടോറിയൽ സേനയിൽ സേവനമനുഷ്ഠിക്കുന്ന ട്രാൻസ്പോർട്ട് ജീവനക്കാരുടെ പുനർ നിയമനം

* 823 [890] ശ്രീ. ആർ. സുന്ദരേശൻനായർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇപ്പോഴും ടെറിട്ടോറിയൽ സേനയിൽ സേവനമനുഷ്ഠിക്കുന്ന ട്രാൻസ്പോർട്ട് ജീവനക്കാരെ അവരുടെ സേവനകാലം കഴിയുമ്പോഴും സ്വന്തം ഡിസ്ട്രിക്ടിൽ തന്നെ നിയമിക്കുവാൻ ഉത്തരവുണ്ടാകുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): ടെറിട്ടോറിയൽ സേനയിൽ സേവനമനുഷ്ഠിക്കുന്ന ട്രാൻസ്പോർട്ട് ജീവനക്കാരെ അവരുടെ സേവനകാലം കഴിയുമ്പോൾ അവരവരുടെ സ്വന്തം ഡിസ്ട്രിക്ടിൽതന്നെ കഴിവതും നിയമിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

സിറ്റി ബസ്സുകൾ കൃത്യസമയത്ത് ഓടിക്കുന്നില്ല എന്ന പരാതി

1354 [2181] ശ്രീ. എസ്. തങ്കപ്പൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly